# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2426 — 19.03.2015-ൽ മറുപടിക്ക്

## സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ മെഡിക്കൽ ലാബുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ :<br>,, വി. ശിവൻകുട്ടി :<br>,, ബാബു എം. പാലിശ്ശേരി :<br>,, കെ. കുഞ്ഞമ്മത് മാസ്റ്റർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സ്വകാര്യ ആശുപത്രികളിലെ ചികിത്സയെ കുറിച്ചും സ്വകാര്യ മെഡിക്കൽ ലാബുകളുടെ പ്രവർത്തനത്തെക്കുറിച്ചും വ്യാപകമായി പരാതി ഉയരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇവയെ നിരീക്ഷിക്കാനും സേവന ഗുണനിലവാരം ഉയർത്താനും എന്തൊക്കെ കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്നറിയിക്കാമോ ;<br>(സി) ഇത്തരം സ്ഥാപനങ്ങളിലെ മെഡിക്കൽ, പാരാമെഡിക്കൽ ജീവനക്കാർ നിശ്ചിത യോഗ്യതയുള്ളവരാണെന്ന് ഉറപ്പാക്കാൻ എന്തു മാർഗ്ഗമാണുള്ളത് ;<br>(ഡി) ഈ സ്ഥാപനങ്ങളെക്കുറിച്ച് ഉയരുന്ന പരാതിയുടെ മേൽ നടപടിയെടുക്കാൻ എന്തൊക്കെ വ്യവസ്ഥകളാണുള്ളതെന്ന് അറിയിക്കാമോ ? | (ബി) (സി) & (ഡി) പി.എൻ.ഡി.റ്റി. ആക്ട് പ്രകാരവും, സെയ്ഫ് കേരള കാമ്പയിൻ പ്രകാരവും മറ്റും ഇത്തരം ലാബുകളിൽ ആരോഗ്യ വകുപ്പ് സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന നടത്തി ആവശ്യമെങ്കിൽ നോട്ടീസ് നൽകുകയോ ഫൈൻ ഈടാക്കുകയോ സ്ഥാപനം അടച്ചുപൂട്ടുകയോ ചെയ്തു വരുന്നു. ഗുണനിലവാര പരിശോധന അതാത് പ്രദേശത്തെ ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ നേതൃത്വത്തിലുള്ള ടീമും നടത്തുന്നുണ്ട്. സ്വകാര്യ ആശുപത്രികൾ, ക്ലിനിക്കുകൾ, നഴ്സിംഗ് ഹോമുകൾ, ലാബോറട്ടറികൾ എന്നിവയുടെ നിയന്ത്രണം, ഫീസ് ഏകീകരണം, രജിസ്ട്രേഷൻ എന്നിവയ്ക്ക് വേണ്ടി 'ദി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ ' എന്നൊരു ബിൽ നിയമമാക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ